പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 726 | 03.12.2014- ൽ മറുപടിക്ക് |

## പകൽ സമയ മാനസികാരോഗ്യ പരിപാലന കേന്ദ്രങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. എ. മാധവൻ<br>" ഡൊമിനിക് പ്രസന്റേഷൻ<br>" എ. റ്റി. ജോർജ്<br>" ജോസഫ് വാഴയ്ക്കൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായ പകൽ സമയ മാനസികാരോഗ്യ പരിപാലന കേന്ദ്രങ്ങളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | എ) | രോഗവിമുക്തി നേടിയവരും എന്നാൽ വീടുകളിൽ പകൽസമയത്ത് പരിചരിക്കാൻ ആളുകൾ ഇല്ലാത്തവരുമായ മനോരോഗികളെ അവരുടെ വീട്ടിൽ ചെന്ന് പകൽ വീടുകളിൽ എത്തിച്ച് പകൽ സമയത്ത് പരിചരിക്കുന്നതിനുള്ള സംവിധാനമാണ് സമഗ്ര മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി ആരംഭിക്കുന്ന പകൽ വീടുകൾ കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയിലൂടെ മനോരോഗികളെ അവരുടെ സാമൂഹിക ചുറ്റുപാടുകളിൽ തന്നെ പുനരധിവസിപ്പിക്കാനാകുമെന്ന് കരുതുന്നു. താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് ഇത്തരം പകൽ വീടുകൾ ഊന്നൽ നൽകുന്നു.<br>1. മെച്ചപ്പെട്ട സാമൂഹിക ജീവിതം സാദ്ധ്യമാക്കുന്നതിലേക്കായി മനോരോഗികളുടെ വ്യക്തിത്വ വികസനത്തിനാവശ്യമായ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും തൊഴിൽപരമായ പരിശീലനം നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തുക.<br>2. തങ്ങളുടെ രോഗാവസ്ഥയെ പറ്റിയുള്ള മെച്ചപ്പെട്ട അവബോധം നൽകി അവരെ തുടർചികിത്സയുമായി കൂടുതൽ സഹകരിപ്പിക്കുക. |

<table>
<tr><td></td><td></td><td></td><td>3. രോഗികളുടെ വിനോദത്തിനും വിജ്ഞാനത്തിനുമാവശ്യമായ ഉപാധികൾ പ്രദാനം ചെയ്യുക.<br>4. വ്യായാമം, ആരോഗ്യകരമായ ആഹാരശീലങ്ങൾ എന്നിവയുടെ ആവശ്യകത സംബന്ധിച്ച അവബോധം നൽകി മെച്ചപ്പെട്ട ജീവിത ശൈലി സ്വായത്തമാക്കാൻ രോഗികളെ സഹായിക്കുക.<br>5. മനോരോഗികളുടെ കുടുംബാംഗങ്ങൾക്കാവശ്യമായ കൗൺസിലിംഗും മറ്റ് സഹായങ്ങളും നൽകുക.<br>6. സുരക്ഷിതമായ പരിതസ്ഥിതികളിൽ തൊഴിൽ സൗകര്യം ലഭ്യമാക്കുക.</td></tr>
<tr><td>ബി)</td><td>ഏതെല്ലാം ജില്ലകളിൽ പകൽ സമയ മാനസികാരോഗ്യ പരിപാലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്; എന്തെല്ലാം സേവനങ്ങളാണ് ഈ കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ;</td><td rowspan="2">ബി)<br>&<br>സി)</td><td rowspan="2">സംസ്ഥാനത്തെ എല്ലാ ജില്ലകളിലും രണ്ട് വീതം (പുരുഷൻമാർക്കും, സ്ത്രീകൾക്കും ഓരോന്നു വീതം) പകൽ വീടുകൾ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പകൽ വീടുകൾ ആരംഭിച്ചതു സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു. ഇതുവരെ പകൽ വീടുകൾ ആരംഭിക്കാത്ത ജില്ലകളിൽ ആയത് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.
<table>
<tr><td>തിരുവനന്തപുരം -</td><td>2</td></tr>
<tr><td>കൊല്ലം -</td><td>1</td></tr>
<tr><td>പത്തനംതിട്ട -</td><td>2</td></tr>
<tr><td>ആലപ്പുഴ -</td><td>0</td></tr>
<tr><td>കോട്ടയം -</td><td>1</td></tr>
<tr><td>എറണാകുളം -</td><td>1</td></tr>
<tr><td>ഇടുക്കി -</td><td>0</td></tr>
<tr><td>തൃശ്ശൂർ -</td><td>2</td></tr>
<tr><td>പാലക്കാട് -</td><td>1</td></tr>
<tr><td>മലപ്പുറം -</td><td>2</td></tr>
<tr><td>വയനാട് -</td><td>0</td></tr>
</table></td></tr>
<tr><td>സി)</td><td>എല്ലാ ജില്ലകളിലും ഈ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനു നടപടി സ്വീകരിക്കുമോ?</td></tr>
</table>

| | | |
|---|---|---|
| കോഴിക്കോട് | - | 2 |
| കണ്ണൂർ | - | 0 |
| കാസർകോഡ് | - | 2 |

താഴെപ്പറയുന്ന സൗകര്യങ്ങളാണ് പകൽ വീടുകളിൽ ലഭ്യമാക്കിയിട്ടുള്ളത്.

1) വീടുകളിൽ നിന്നും പകൽ വീടുകളിലേക്കും തിരിച്ചുമുള്ള യാത്രാസൗകര്യം.
2) തൊഴിൽ പരിശീലനത്തിനുള്ള സൗകര്യങ്ങൾ.
3) വിനോദത്തിനും, വിജ്ഞാനത്തിനുമുള്ള സൗകര്യങ്ങൾ.
4) ഭക്ഷണം പാകം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ.
5) സാമ്പത്തികമായ നേട്ടങ്ങൾ ലഭിക്കുന്ന ചെറിയ ചെറിയ തൊഴിലുകൾ ചെയ്യുന്നതിനായുള്ള സംരക്ഷിത തൊഴിൽ ശാലകൾ.
6) വ്യായാമത്തിനുള്ള സൗകര്യങ്ങൾ.
7) രോഗികൾക്കും ബന്ധുക്കൾക്കും കൗൺസിലിംഗ്.
8) സാമൂഹിക ചുറ്റുപാടുകളിലുള്ള രോഗികളുടെ പുനരധിവാസം ലക്ഷ്യമിടുന്ന പരിശീലനം, സഹായം എന്നിവ.

**സെക്ഷൻ ഓഫീസർ**